# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*163 13/06/2019-ൽ മറുപടിക്ക്

## മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീമതി യു. പ്രതിഭ<br>,, വീണാ ജോർജ്ജ്<br>ശ്രീ.എസ്.രാജേന്ദ്രൻ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | ദേശീയ തലത്തിൽ മാതൃ-ശിശു മരണനിരക്ക് എത്രയാണ്; സംസ്ഥാനത്തെ മാതൃമരണനിരക്ക് അടുത്ത വർഷത്തോടെ മുപ്പതായി കുറയ്ക്കുന്നതിനും ശിശുമരണനിരക്ക് ആറിലേക്ക് താഴ്ത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | Niti Ayog-ന്റെ കണക്ക് പ്രകാരം 2014-16-ൽ ഇന്ത്യയിലെ മാതൃ മരണ നിരക്ക് ഒരു ലക്ഷം പ്രസവത്തിൽ 130 ആണ്. കേരളത്തിൽ ഇത് 46 ആണ്.<br><br>സംസ്ഥാനത്തെ മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജിയുടെ സാങ്കേതിക നവീകരണത്തോടെ ഒരു പദ്ധതി തയാറാക്കി കേരളത്തിൽ നടപ്പിലാക്കി വരുന്നു. ഇത് പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവ മുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകുകയും, ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി വരുകയും ചെയ്യുന്നു. ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വഴി വാങ്ങി നൽകുന്നു. മാതൃ മരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃ മരണ ഓഡിറ്റ് നടപ്പിലാക്കുകയും, ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം പ്രകാരം 2017 ൽ ശിശുമരണ നിരക്ക് ഇന്ത്യയിൽ ശരാശരി 33 ആണ്. എന്നാൽ കേരളത്തിലെ ശിശുമരണ നിരക്ക് 10 ആണ്. ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, |

| | | | |
|---|---|---|---|
| | | | ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ജന്മനാ ഹൃദയ വൈകല്യമുള്ള കുട്ടികളെ കണ്ടെത്താനും അവരുടെ ശസ്ത്രക്രിയ ഉറപ്പ് വരുത്താനുമായി ഹൃദ്യം പദ്ധതി ആരംഭിച്ചു . മാതൃ ശിശു മരണ നിരക്ക് കുറക്കാനും, ലേബർ റൂമുകളുടെ നിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യ സ്റ്റാൻഡേർഡ്സ് നടപ്പിലാക്കി വരുന്നു. ശലഭം പദ്ധതിയും ഈ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നുണ്ട്. പ്രസവം നടക്കുന്ന ആശുപത്രികളിൽ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വഴി വാങ്ങി നൽകുന്നു.<br>പ്രസവം നടക്കുന്ന ആശുപത്രികളിൽ NBCC (New Born Care Corner ) യും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (New Born Stabilization Unit), SNCU (Special New Born Care Unit) യും ആരംഭിച്ചിട്ടുണ്ട്.<br>മാതൃ മരണ നിരക്ക് കുറക്കുന്നതിന് വേണ്ടി മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഗൈനക്കോളജി വിഭാഗത്തിൽ ഇമകോൾ എന്ന പദ്ധതി പ്രകാരം ഡോക്ടർമാർക്കും നേഴ്സ്മാർക്കും മറ്റു ജീവനക്കാർക്കും വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഗൈനക്കോളജി വിഭാഗത്തിൽ എല്ലാ മാസവും നിയർ മിസ് ഓഡിറ്റ് , CMRD , പെരിനേറ്റൽ ഓഡിറ്റ്, ഇൻഫെക്ഷൻ കൺട്രോൾ സ്കീമുകൾ , ORRT (Obstetrics Rapid Response Team ) എന്നിവ നടപ്പിലാക്കി പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഗൈനക്കോളജി വിഭാഗങ്ങളിൽ അത്യാധുനിക സൗകര്യമുള്ള മെഡിക്കൽ ഇന്റെൻസീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് . മാതൃ മരണ നിരക്ക് കുറയ്ക്കുകയാണ് ഇവ കൊണ്ട് ലക്ഷ്യമാക്കുന്നത്. |
| ബി) | ഇതിന്റെ ഭാഗമായി ഹൈ ഡിപ്പൻഡന്റ് യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെ | ബി) | മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ഹൈ ഡിപ്പെൻഡന്റ് യൂണിറ്റുകൾ (എച്ച്. ഡി. യു) താഴെ ചേർത്തിരിക്കുന്ന ആശുപത്രികളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം<br>വിക്ടോറിയ ആശുപത്രി, കൊല്ലം |

| | | | |
|---|---|---|---|
| | ന്ന് അറിയിക്കുമോ; | | ജില്ലാ ആശുപത്രി , കോഴഞ്ചേരി<br>കോട്ടയം മെഡിക്കൽ കോളേജ്<br>ആലപ്പുഴ മെഡിക്കൽ കോളേജ്<br>തൃശ്ശൂർ മെഡിക്കൽ കോളേജ്<br>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി , പൊന്നാനി<br>ജില്ലാ ആശുപത്രി, മാനന്തവാടി<br>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി , മങ്ങാട്ടുപറമ്പ്<br>ഐ. എം. സി . എച്ച് . കോഴിക്കോട്<br>2018 -19 കാലയളവിൽ ഒബ്സ്റ്റട്രിക് ഹൈബ്രിഡ് ഐ.സി. യു. - തിരുവനന്തപുരം എസ്. എ . ടി . ആശുപത്രി , കോട്ടയം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ് , തൃശ്ശൂർ മെഡിക്കൽ കോളേജ് , ഐ. എം. സി എച്ച്. കോഴിക്കോട് എന്നിവിടങ്ങളിലും , ഒബ്സ്റ്റട്രിക് എച്ച്. ഡി . യു . - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം ; വിക്ടോറിയ ആശുപത്രി , കൊല്ലം; ജില്ലാ ആശുപത്രി , മാനന്തവാടി; ജില്ലാ ആശുപത്രി, കോഴഞ്ചേരി; സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ്; സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി എന്നിവിടങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള 7,26,48,270 രൂപയുടെ ഭരണാനുമതി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയിട്ടുണ്ട്.<br>2019 -20 ൽ കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി , ജില്ലാ ആശുപത്രി പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ പുതുതായി ആരംഭിച്ച ഒബ്സ്റ്റട്രിക് ഐ.സി.യു. വിലേക്കും; സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി , ആലപ്പുഴ; താലൂക്ക് ആശുപത്രി , തിരൂരങ്ങാടി ; ജില്ലാ ആശുപത്രി തിരൂർ; താലൂക്കാശുപത്രി, താമരശ്ശേരി; ജില്ലാ ആശുപത്രി, കണ്ണൂർ; ജനറൽ ആശുപത്രി , തലശ്ശേരി ; താലൂക്ക് ആശുപത്രി തളിപ്പറമ്പ്; ജില്ലാ ആശുപത്രി , കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ എച്ച്. ഡി. യു. വിലേക്കും ഉപകരണങ്ങൾ വാങ്ങുന്നതിനായി 3,81,97,401 രൂപയുടെ ഭരണാനുമതി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയിട്ടുണ്ട്. |
| സി) | ഇവ കൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടം | സി) | പ്രത്യേക ഒബ്സ്റ്റട്രിക് ഐ.സി.യു എല്ലാ മെഡിക്കൽ കോളേജുകളിലും എല്ലാ ജില്ലാ ആശുപത്രികളിലും / പ്രസവം |

| | | | |
|---|---|---|---|
| | എന്തെല്ലാമാണ്; ഡോക്ടർമാർക്കും മറ്റ ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; | | നടക്കുന്ന ആശുപത്രികളിലും എച്ച് . ഡി. യു . സംവിധാനം ആരംഭിക്കുന്നത് വഴി ഗർഭിണികളായ അമ്മമാർക്ക് ജീവന് ഭീഷണിയാകുന്ന പ്രസവസംബന്ധമായ സങ്കീർണ്ണതകൾ നേരിടാനും പ്രത്യേക സേവനങ്ങൾ ഏറ്റവും എളുപ്പത്തിൽ ലഭ്യമാകുന്നതിനും സാധിക്കുന്നു. തന്മൂലം മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുവാനും, ശിശുക്കളിലെ രോഗ നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സാധ്യമാകുന്നു. ഡോക്ടർമാർക്കും മറ്റ ജീവനക്കാർക്കും പ്രസ്തുത പദ്ധതിയുടെ പ്രത്യേക പരിശീലനം പദ്ധതി നടപ്പാക്കുന്ന മുറക്ക് നൽകുന്നതാണ്. |
| ഡി) | സംസ്ഥാനത്ത് ഇൻഫന്റ് ഡെത്ത് ഓഡിറ്റ് നടത്തുന്നുണ്ടോ; എങ്കിൽ ഇതിൻപ്രകാരമുള്ള കണ്ടെത്തലുകൾ അറിയിക്കുമോ; ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | ഡി) | 11/04/2017 തീയതിയിലെ G.O.(Ms) No. 51/2017/H&FWD ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ശിശു മരണ ഓഡിറ്റ് നടത്തുന്നതിനുള്ള നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ജില്ലകൾ ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയയാട്രിക്സ്-ന്റെ സഹകരണത്തോടെ ശിശു മരണ ഓഡിറ്റുകൾ ചെയ്തു വരുന്നു. ഇത്തരത്തിൽ ഓഡിറ്റ് ചെയ്യുമ്പോൾ കുട്ടിയുടെ മരണത്തിലേക്ക് നയിച്ച കാരണങ്ങൾ, മരണം ഏത് സാഹചര്യം മൂലം സംഭവിച്ചു എന്നിങ്ങനെ എല്ലാ തലത്തിലും ഓഡിറ്റ് നടത്തപ്പെടുന്നു. ഓഡിറ്റിന് ശേഷം ഏതൊക്കെ അസുഖങ്ങൾ ബാധിച്ചാണ് കുട്ടികൾ മരണമടഞ്ഞത് എന്ന വിശദാംശം ലഭ്യമാകുക വഴി ഭാവിയിൽ അത്തരം അസുഖങ്ങൾ /സാഹചര്യം മൂലം കുട്ടികൾ മരണപ്പെടുന്നത് തടയുന്നതിനുള്ള ഇടപെടലുകൾ കൃത്യമായി നടത്തുവാൻ സാധിക്കുന്നു.<br>ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതി വളരെ വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ടിങ് പൂർണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി കഴിഞ്ഞു. ഇതിലേക്കായി എല്ലാ പ്രസവാശുപത്രികളിലേക്കും ഒരു കമ്പ്യൂട്ടർ ടാബ് നൽകിയിട്ടുണ്ട്. കൂടാതെ ജന്മനായുള്ള ഹൃദ്രോഗം നേരത്തെ കണ്ടെത്തുന്നതിനായി പ്രധാന പ്രസവാശുപത്രികളിൽ പൾസ് ഓക്സി മീറ്റർ നൽകിയിട്ടുണ്ട്.<br>ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതിയുടെ കഴിഞ്ഞ വർഷത്തെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>192126 കുട്ടികളെ വിസിബിൾ ബർത്ത് ഡിഫെക്റ്റ് സ്ക്രീനിങ്ങിനും , 79646 കുട്ടികളെ പൾസ് ഓക്സിമീറ്റർ സ്ക്രീനിങ്ങിനും. 54558 കുട്ടികളെ കേഴ്‌വി പരിശോധനക്കും |

| | | | |
|---|---|---|---|
| | | | (ഓട്ടോ അകൗസ്റ്റിക് എമിഷൻ), 82629 കുട്ടികളെ ഇൻബോൺ ഏററേഴ്സ് ഓഫ് മെറ്റബോളിസം /രക്ത പരിശോധനക്കും വിധേയമാക്കി. |

സെക്ഷൻ ഓഫീസർ